'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടക്കൽ നഗരസഭ- ഭവനശ്രീ പദ്ധതി പ്രകാരം എഗ്രിമെന്റ് വക്കാതെ വീട്ട് നമ്പർ കരസ്ഥമാക്കിയ 10 പേർക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.574/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 08/03/2019

---

പരാമർശം:- 1 02/10/2016ലെ സ.ഉ(സാധാ)നം.2982/16/തസ്വഭവ നമ്പർ ഉത്തരവ്

2 31/01/2019ലെ ഡിബി4/30/2019/തസ്വഭവ നമ്പർ കത്ത്

3 കോട്ടക്കൽ നഗരസഭാ സെക്രട്ടറിയുടെ 18/09/2018ലെ PO/13189/14 നമ്പർ കത്ത്.

4 നഗരകാര്യ ഡയറക്ടറുടെ 16/02/2019-ലെ ഡിസി-4/2315/19 നമ്പർ കത്ത്.

5 6/6/2018ലെ 4.18 നമ്പർ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം

6. 16/10/2018ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം.4.25

**ഉത്തരവ്**

കോട്ടക്കൽ നഗരസഭ ദാരിദ്ര്യരേഖക്കു താഴെയുള്ള 160 കുടുംബങ്ങൾക്ക് 'ഭവനശ്രീ' പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനായി ഹഡ്കോയിൽ നിന്നും വായ്പ ലഭ്യമാക്കി ആനുകൂല്യം അനുവദിക്കുകയുണ്ടായി. മേൽ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അപേക്ഷയും മറ്റ് രേഖകളും സമർപ്പിച്ചെങ്കിലും ധനസഹായം ലഭിക്കുവാൻ വൈകിയതിനാൽ ഉടമ്പടി വക്കാതെ വായ്പയെടുത്തും മറ്റും ഭവന നിർമ്മാണം പൂർത്തിയാക്കുകയും നഗരസഭയിൽനിന്നും വീട്ട് നമ്പർ കരസ്ഥമാക്കുകയും ചെയ്ത 3 പേർക്ക് പരാമർശം 5 തീരുമാനപ്രകാരം 'ഭവനശ്രീ' പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഇപ്രകാരം ഉടമ്പടി

വക്കാതെ വായ്പയെടുത്തും മറ്റും ഭവന നിർമ്മാണം പൂർത്തിയാക്കുകയും നഗരസഭയിൽനിന്നും വീട്ട് നമ്പർ കരസ്ഥമാക്കുകയും ചെയ്ത 10 പേർക്കു കൂടി ഭവനശ്രീ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന പരാമർശം (3) പ്രകാരമുള്ള കോട്ടക്കൽ നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു . കോട്ടയ്ക്കൽ നഗരസഭ, ഭവനശ്രീ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി S 0228/19 നമ്പർ പ്രകാരം പ്രോജക്ട് ഓഫീസർ UPA സെൽ നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതി സ്പിൽ ഓവറായി വച്ചിട്ടുണ്ട് എന്നതിനാലും, ഉടമ്പടി വച്ചിട്ടില്ല എങ്കിലും നേരത്തെ 3 പേർക്ക് ആനുകൂല്യം നൽകാൻ അനുമതി നൽകിയതുപോലെ തന്നെ താഴെ പ്രതിപാദിച്ചിട്ടുള്ള 10 പേർക്കുകൂടി ഇത് സംബന്ധിച്ച മറ്റ് വ്യവസ്ഥകൾ പാലിച്ചിരിക്കണമെന്ന നിബന്ധനയോടെയും നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചതാണ് ഭവനം എന്ന സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിന് കോട്ടയ്ക്കൽ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1 | സൈനബ കുനിക്കകത്ത് | 19 |
| 2 | സുമതി കൊടിഞ്ഞി | 20 |
| 3 | രാജൻ. സി.കെ | 24 |
| 4 | കദിയാമു പള്ളിയാലിൽ | 59 |
| 5 | മസ്തഫ കാഞ്ഞിരങ്ങാടൻ | 60 |
| 6 | ഹഫ്സത്ത് ബീവി കൈതക്കൽ | 98 |
| 7 | അബൂബക്കർ കല്ലങ്ങാട്ടുകുഴിയിൽ | 111 |
| 8 | റീന അല്ലിങ്ങൽ | 126 |
| 9 | രാജീവ് പുത്തൻ വീട്ടിൽ | 148 |
| 10 | റഹ്മാൻ വലിയപീടിയേക്കൽ | 158 |

File No.DB4/30/2019-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കോട്ടക്കൽ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എക്ക്